**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 156** **05-12-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴയിൽ നടപ്പിലാക്കുന്ന വുമൺ എംപവർമെന്റ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് വിശദവിവരം ലഭ്യമാക്കുമോ; | (എ) | **ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെല്ലാം തന്നെ ജില്ലാതലത്തിൽ ജില്ലാ കളക്ടർമാർക്ക് നിർവ്വഹണ ചുമതല നൽകിയാണ് നടപ്പിലാക്കി വരുന്നത്. മണ്ഡലാടിസ്ഥാനത്തിൽ പദ്ധതികളൊന്നും നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. വകുപ്പ് മുഖേന ന്യൂനപക്ഷ വിഭാഗങ്ങൾക്കായി നടപ്പിലാക്കുന്ന സംസ്ഥാന സർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികളുടെ പ്രയോജനം ആലപ്പുഴ മണ്ഡലത്തിലും ലഭിക്കുന്നുണ്ട്. വകുപ്പിന്റെ സംസ്ഥാന പദ്ധതി വിശദാംശങ്ങൾ അനുബന്ധം 1-ആയി ചേർക്കുന്നു.** |
| (ബി) | ആലപ്പുഴ ജില്ലയിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നുമുള്ള വിവരം ലഭ്യമാക്കുമോ; | (ബി) | ആലപ്പുഴ ജില്ലയിൽ വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്ന പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിൽ ജില്ലയിലെ കായംകുളം നഗരസഭ, ആലപ്പുഴ നഗരസഭ എന്നിവിടങ്ങളിലായി 2746.26 ലക്ഷം രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 2018-19 സാമ്പത്തിക വർഷം 21 യൂണിറ്റുകളിലായി 1042.92 ലക്ഷം രൂപയുടെ പദ്ധതികളും , 2019-20 സാമ്പത്തിക വർഷം 3 യൂണിറ്റുകളിലായി 1703.34 ലക്ഷം രൂപയുടെ പദ്ധതികളും ഉൾപ്പെടുന്നു. പദ്ധതികളുടെ നിലവിലെ സ്ഥിതി വിവരങ്ങൾ അനുബന്ധം -2ആയി ചേർക്കുന്നു. |
| (സി) | ആലപ്പുഴയിൽ നടപ്പിലാക്കുന്ന വുമൺ എംപവർമെന്റ് സെന്ററിന്റെ നിലവിലെ സ്ഥിതിയെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (സി) | വുമൺ എംപവർമെന്റ് & ഫെസിലിറ്റേഷൻ സെന്റർ എന്ന പ്രവൃത്തിയ്ക്ക് അംഗീകാരം ലഭിച്ചിട്ടുള്ള നിർദ്ദിഷ്ട സ്ഥലം Coastal Zone-ൽ ഉൾപ്പെട്ടതിനാൽ ആയത് സംബന്ധിച്ച CRZ ക്ലിയറൻസ് യഥാസമയം ലഭിച്ചിരുന്നില്ല. അംഗീകരിച്ച പ്ലാനിലെ G+4 എന്നത് G+3 ആയി പരിമിതപ്പെടുത്തിയാണ് ഇപ്പോൾ CRZ ക്ലിയറൻസ് ലഭിച്ചിരിക്കുന്നത്. അതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ്, വിശദമായ പ്രൊപ്പോസൽ സഹിതം ജില്ലയിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

## ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ സംസ്ഥാന പദ്ധതി വിശദാംശങ്ങൾ

1. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്.
2. സി.എച്ച്. മുഹമ്മദ് കോയ സ്കോളഷിപ്പ്,
3. എ.പി.ജെ. അബ്ദുൽ കലാം സ്കോളർഷിപ്പ്
4. പ്രൈവറ്റ് ഐ.റ്റി.ഐ- ഫീ റീ- ഇംമ്പേഴ്സ് മെന്റ് സ്കീം
5. സി.എ/സി.എം.എ/ സി.എസ് സ്കോളർഷിപ്പ്
6. പി.ജി.ഡിപ്ലോമ ഇൻ ജി.എസ്.ടി
7. യു.ജി.സി/സി.എസ്.ഐ.ആർ/നെറ്റ് കോച്ചിംഗ്
8. എൻ.ടി.എസ്.ഇ കോച്ചിംഗ്
9. മദർതെരേസ സ്കോളർഷിപ്പ്
10. സിവിൽ സർവ്വീസ് ഫീ-റീ ഇംമ്പേഴ്സ്മെന്റ് സ്കീം
11. വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്
12. ഇബ്രാഹീം സുലൈമാൻ സേട്ട് ഉർദു സ്കോളർഷിപ്പ് അവാർഡ്
13. ഇമ്പിച്ചി ബാവ ഭവന നിർമ്മാണ/പുനരുദ്ധാരണ പദ്ധതി
14. കരിയർ ഗൈഡൻസ് പരിശീലന പരിപാടി
15. പ്രീമാരിറ്റൽ കൗൺസിലിംങ് .
16. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള വിതണ പദ്ധതി.

സെക്ഷൻ ഓഫീസർ

അനുബന്ധം2

## ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന ആലപ്പുഴ ജില്ലയിൽ നടത്തുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ

### കായംകുളം നഗരസഭ

| ക്രമ നം. | വർഷം | പദ്ധതി വിവരം | ആകെ തുക (ലക്ഷത്തിൽ) | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 2018-19 | കായംകുളംഗവ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ - പുതിയ കെട്ടിട നിർമ്മാണം | 185.00 | വിവിധ സർക്കാർ സ്കൂളുകളിലെ കെട്ടിട നിർമ്മാണം, ടോയ് ലറ്റ് ബ്ലോക്കുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് തുടക്കത്തിൽ നിർവ്വഹണ ഏജൻസിയായി പൊതുമരാമത്ത് കെട്ടിട വിഭാഗം ആലപ്പുഴ-യെ ഏൽപ്പിച്ചിരുന്നെങ്കിലും അനുവദിക്കപ്പെട്ട പ്രോജക്റ്റ് കോസ്റ്റിൽ 20 മുതൽ 25 ശതമാനം വരെ വേരിയേഷൻ വന്നതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. തുടർന്ന് പദ്ധതി നിർവ്വഹണം പൊതുമരാമത്ത് വകുപ്പിൽ നിന്നും മുനിസിപ്പാലിറ്റിയ്ക്ക് നൽകിയെങ്കിലും പ്രവർത്തികൾ ആരംഭിക്കുന്നതിന് ഇനിയും സാധിച്ചിട്ടില്ല. ഷെഡ്യൂൾ റേറ്റിൽ മാറ്റം വന്നതിനാൽ പ്രസ്തുത പ്രവൃത്തികൾ റദ്ദ് ചെയ്യുന്നതിനും ടി പ്രവൃത്തികൾ 2022-23-ലെ പദ്ധതി നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിനായും ജില്ലാതല |
| 2 | 2018-19 | ഗവ.യു.പി.എസ്, കൃഷ്ണപുരം, കായംകുളം | 185.00 | |
| 3 | 2018-19 | ഗവ.എൽ.പി.എസ് തേവലപ്പറമ്പ്, കായംകുളം | 100.00 | |
| 4 | 2018-19 | ഗവ.എൽ.പി.ബി.എസ്., ഏരുവ, കായംകുളം | 100.00 | |
| 5 | 2018-19 | ഗവ.എൽ.പി.എസ്., പുളിക്കണക്ക്, കായംകുളം | 100.00 | |
| 6 | 2018-19 | ഗവ.എൽ.പി.എസ്., പെരിങ്ങാല, കായംകുളം | 100.00 | |
| 7 | 2018-19 | ഗവ.ടൗൺ യു.പി.എസ്., കായംകുളം | 100.00 | |
| 8 | 2018-19 | ഗവ.എൽ.പി.ജി.എസ്., ഏരുവ, കായംകുളം | 100.00 | |
| 9 | 2018-19 | മോഡേൺടോയിലറ്റ് ബ്ലോക്ക് - ടെർമിനൽ ബസ് സ്റ്റേഷൻ, കായംകുളം -10 യൂണിറ്റുകൾ | 18.20 | |

| | | | | |
|---|---|---|---|---|
| 10 | 2018-19 | മോഡേൺടോയിലറ്റ് ബ്ലോക്ക് - ഗവ. ഹോസ്പിറ്റൽ, കായംകുളം - 3 യൂണിറ്റുകൾ | 54.72 | കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ റദ്ദ് ചെയ്യേണ്ട പ്രവർത്തികളുടെ വിശദമായ പ്രൊപ്പോസലുകൾ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിൽ സമർപ്പിച്ച് അംഗീകാരം നേടിയ ശേഷം മാത്രമേ പകരമായി നിർദേശിച്ച പദ്ധതികൾ പുതുതായി പരിഗണിക്കാൻ സാധിക്കുകയുള്ളൂ. ഇതിനുള്ള നടപടികൾ വകുപ്പ് മുഖേന സ്വീകരിച്ചു വരുന്നു. |
| 11 | 2019-20 | സദ്ഭാവനാമണ്ഡപം - കോമൺ സർവീസ് സെന്റർ, വാർഡ് നം 36,കായംകുളം | 140.00 | അംഗീകരിക്കപ്പെട്ട സ്ഥലം അനുയോജ്യമല്ലാത്തതിനാൽ പ്രവൃത്തിയുടെ നിർവ്വഹണം ഇതുവരെ ആരംഭിച്ചിട്ടില്ല. നിർദ്ദേശിക്കപ്പെട്ട സ്ഥലം മാറ്റി പദ്ധതി നടപ്പിലാക്കാൻ മാർഗ്ഗ നിർദ്ദേശങ്ങൾ അനുവദിക്കുന്നില്ല. |
| | | ആകെ | 1182.9 | |

## ആലപ്പുഴ നഗരസഭ

| ക്രമ നം | വർഷം | പദ്ധതി വിവരം | ആകെ തുക (*ലക്ഷത്തിൽ*) | റിമാർക്സ് |
|---|---|---|---|---|
| 1 | 2019-20 | വുമൺഎംപവർമെന്റ് & ഫെസിലിറ്റേഷൻ സെന്റർ - ആലപ്പുഴ ബീച്ച് | 1423.34 | പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത ഭൂമി CRZ –ന്റെ പരിധിയിൽ വരുന്നതിനാൽ CRZ ക്ലിയറൻസ് ആവശ്യമായി വരികയും അംഗീകരിക്കപ്പെട്ട പ്ലാനിലെ G+4 എന്നത് G+3 ആയി പരിമിതപ്പെടുത്തിയാണ് പ്രവൃത്തി നിർവ്വഹണത്തിന് ക്ലിയറൻസ് ലഭിച്ചിട്ടുള്ളത്. ഇപ്രകാരം മാറ്റം വരുത്തിയ റിവൈസ്ഡ് എസ്റ്റിമേറ്റിന് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ അംഗീകാരം ഉണ്ടെങ്കിൽ മാത്രമേ നടപ്പിലാക്കാനാകൂ. ഇതിന് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു |
| 2 | 2019-20 | സദ്ഭാവനാമണ്ഡപം - കോമൺ സർവീസ് സെന്റർ ലോറി സ്റ്റാന്റിന് സമീപം, ആലപ്പുഴ | 140.00 | പദ്ധതി നടപ്പിലാക്കുന്നതിന് പ്രവൃത്തി ആവർത്തിച്ച് ടെൻഡർ ചെയ്തിട്ടും പ്രവൃത്തി ആരും ഏറ്റെടുത്തിട്ടില്ല. അതിനാൽ പദ്ധതിനിർവ്വഹണം ഇതുവരെ ആരംഭിച്ചിട്ടില്ല |
| | | ആകെ | 1563.34 | |

സെക്ഷൻ ഓഫീസർ